കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം

# മെയ്

# 2018




പ്രൈസസ് വിഭാഗം
സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്
തിരുവനന്തപുരം
**2018**

കേരള സർക്കാർ
പിണറായി വിജയൻ
മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017.　　　　നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണ ത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

2004 മുതൽ വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ളീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളീകരിക്കുന്നതിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് പ്രൈസ് ബുള്ളററിൻ എന്ന പ്രസിദ്ധീകരണം മലയാളീകരിക്കൽ. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി ''കേരള പൊതുവിപണി വില അവലോകനം'' എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. പ്രൈസ് ബുള്ളററിനിൽ നിന്നും വ്യത്യസ്തമായി വില ശേഖരിക്കുന്ന എല്ലാ ദിവസത്തെയും വിലകളുടെയും മാസ ശരാശരിയാണു ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും, വകുപ്പിന്റെ ഇൻവെസ്റ്റിഗേററർമാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

ഒപ്പ്

തിരുവനന്തപുരം — വി. രാമചന്ദ്രൻ

13-06-2018 — ഡയറക്ടർ ജനറൽ

# ആമുഖം

കേരളത്തിൽ പൊതു വിപണിയിൽ വിൽപനയ്ക്കായി വരുന്ന വസ്തുക്കളിൽ ഭൂരിഭാഗവും അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്നവയാണ്. ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു. കാലാവസ്ഥാ വ്യതിയാനം, സമരങ്ങൾ, ഇന്ധന വില വർദ്ധനവ്, സംസ്ഥാനാന്തര ബന്ധങ്ങൾ, അന്യസംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധീനിക്കുന്നു. ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനും വളരെ ശ്രമകരമായ ജോലിയായി മാറുന്നു ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനു വേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ച് അവലോകനം നടത്തി സർക്കാരിനു നൽകുന്ന ഉദ്യമമാണു ഈ പ്രസിദ്ധീകരണത്തിലൂടെ ലക്ഷ്യമിടുന്നത്.

കാർഷിക മേഖലയെ സംബന്ധിച്ചിടത്തോളം ശുഭസൂചകമായ ഒരു മാസമായിരുന്നു കടന്നു പോയത്. കഴിഞ്ഞ ഏതാനും വർഷങ്ങൾക്ക് ശേഷം കടുത്ത വേനലോ വരൾച്ചയോ ഉണ്ടായില്ല മാത്രമല്ല സാമാന്യം നല്ല തോതിൽ വേനൽ മഴ ലഭിക്കുകയും കാലവർഷം ജൂൺ മാസത്തിനു മുമ്പെ തന്നെ കേരളത്തിൽ എത്തുകയും ചെയ്തു എന്നുള്ളതും കാർഷിക കേരളത്തെ സം ബന്ധിച്ച് ഒരു ശുഭ സൂചനയാണു. ഇത് തീർച്ചയായും വരും വർഷത്തെ കാർഷികോൽപാദനത്തിൽ ഗുണകരമായ മാററം പ്രതീക്ഷിക്കാം.

ഇതേ സമയം തന്നെ കേന്ദ്ര കൃഷി മന്ത്രാലയം പുറത്തുവിട്ട മൂന്നാമത്തെ അഡ്വാൻസ് എസ്റ്റിമേററ് റിപ്പോർട്ടിലും കാർഷിക ഉൽപാദനത്തെ സംബന്ധിച്ച് ശുഭ സൂചനയാണു നൽകിയിട്ടുള്ളത്.

ഭക്ഷ്യ ധന്യങ്ങൾ,പയർ വർഗ്ഗങ്ങൾ ,കരിമ്പ് എന്നിവയിൽ റെക്കോർഡ് ഉൽപാദനമാണു പ്രവചിച്ചിരിക്കുന്നത്. നെല്ല് ഉൽപാദനം 111.52 മില്ല്യൺ ടൺ എന്ന റെക്കോർഡ് ഉൽപാദനത്തിൽ എത്തുമെന്നും റിപ്പോർട്ട് സൂചിപ്പിക്കുന്നു. ഒരു ഉപഭോക്തൃസംസ്ഥാനമെന്ന നിലയിൽ കേരളത്തെ സംബന്ധിച്ച് പെട്രോളിയം ഉൽപന്നങ്ങളുടെ നിരന്തരമുള്ള വിലക്കയററം കാരണം ഉണ്ടാകുന്ന വിലക്കയററ ഭീഷണിയുടെ ഇടയിലും ശുഭോദർക്കമായ ഒരു വിവരമാണിത്.

വാണിജ്യ മേഖലയെ സംബന്ധിച്ച് അത്രകണ്ട് ശുഭകരമായ മാസമല്ല കടന്നു പോയത് കേരളത്തെ ഭീതിയിലാഴ്ത്തിക്കൊണ്ടാണ് നിപ്പ വൈറസ് കടന്നു വന്നത് വാണിജ്യമേഖലയെ സാരമായ് ബാധിച്ചിട്ടുണ്ട് പ്രത്യേകിച്ച് മലബാർ മേഖലയെ. പ്രധാനമായും പച്ചക്കറി,പഴവർഗ്ഗങ്ങൾ ഇറച്ചിക്കോഴി എന്നിവയെയാണു ഇത് ബാധിച്ചിരിക്കുന്നത്. ഗൾഫ് രാജ്യങ്ങൾ കേരളത്തിൽ നിന്നുള്ള പച്ചക്കറി പഴവർഗ്ഗങ്ങളുടെ ഇറക്കുമതി താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണു. പഴം പച്ചക്കറി വിപണിയിൽ മാസാവസാനം കാര്യമായ ഒരു വിലക്കുറവ് ദൃശ്യമാണു. ജൂൺ മാസം പകുതിയോടുകൂടി വാണിജ്യ മേഖല പൂർവസ്ഥിതിയിൽ എത്തുമെന്നാണു പ്രതീക്ഷിക്കുന്നത്.

അവലോകനമാസമായ മെയിൽ മൊത്തം വിലനിലവാരം പരിശോധിക്കുമ്പോൾ കാര്യമായ ഒരു വിലക്കയററം വിപണിയിൽ ദൃശ്യമല്ല.

അരിയുടെ വിലയിൽ കാര്യമായ ഒരു വിലക്കററ പ്രവണത ദൃശ്യമല്ല. ഇറച്ചിക്കോഴിയുടെ വിലയിൽ വർദ്ധനവ് ഉണ്ടായെങ്കിലും മാസാവസാനത്തോടെ വിലക്കുറവ് ദൃശ്യമായി. വെളിച്ചെണ്ണയുടെയും തേങ്ങയുടെയും വില കുറയുവാനുള്ള പ്രവണത കാണിച്ചു.

## I. ധാന്യങ്ങൾ

വിപണിയിൽ നിന്നും ലഭിക്കുന്ന വിവരമനുസരിച്ച് അരിയുടെ വിലയിൽ അടുത്ത മാസങ്ങളിൽ കാര്യമായ വർദ്ധനവ് ഉണ്ടാവാൻ സാധ്യതയില്ല. സപ്ലൈകോയുടെ നെല്ല് സംഭരണം ഏകദേശം 5 ലക്ഷം മെട്രിക് ടണ്ണോളം എത്തിയിട്ടുണ്ടെന്നാണു ലഭിക്കുന്ന വിവരം, മാത്രമല്ല കേന്ദ്ര കൃഷി മന്ത്രാലയം പുറത്തുവിട്ട മൂന്നാമത്തെ അഡ്വാൻസ് എസ്റ്റിമേഷൻ റിപ്പോർട്ടിൽ നെല്ല് ഉൽപാദനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ വർദ്ധനവ് ഉണ്ടാവുമെന്നാണു സൂചിപ്പിക്കുന്നത്. അവലോകനമാസത്തിൽ അരിയുടെ വിലയിൽ ഏതാണ്ട് സ്ഥിരത നിലനിർത്തി. ജയ അരിയുടെ വിലയിൽ കഴിഞ്ഞ ഏതാനും മാസങ്ങളായി കുറവ് ദൃശ്യമാണ്.

| നം | ഇനങ്ങൾ | അളവ് | മെയ് 2017 | ഏപ്രിൽ 2018 | മെയ് 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 40.85 | 41.40 | 41.41 | 0.02 | 1.37 |
| 2 | ചമ്പ | കിലോഗ്രാം | 41.25 | 44.00 | 44.00 | 0.00 | 6.67 |
| 3 | റോസ് | കിലോഗ്രാം | 41.50 | 41.36 | 41.25 | -0.27 | -0.60 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 36.93 | 37.16 | 36.76 | -1.08 | -0.46 |
| 5 | ജയ | കിലോഗ്രാം | 40.21 | 39.25 | 38.34 | -2.31 | -4.64 |
| 6 | ഗോതമ്പ് | കിലോഗ്രാം | 33.10 | 31.94 | 32.15 | 0.66 | -2.85 |



## II. പയർ വർഗ്ഗങ്ങൾ

പയർ വർഗ്ഗങ്ങളിൽ ചെറുപയർ, ചെറുപയർ പരിപ്പ്, ഉഴുന്നു (തോടില്ലാതെ), കടല(ചെറുത്), പീസ് പരിപ്പ് എന്നീ ഇനങ്ങളിൽ ഒരു വർദ്ധനവിന്റേതായ പ്രവണത അവലോകനമാസമായ മെയിൽ ദൃശ്യമായിരുന്നു. എന്നാൽ അടുത്ത മാസങ്ങളിൽ കനത്ത വിലവർദ്ധനവിനുള്ള യാതൊരു സാധ്യതയും ഇല്ലെന്നാണു വിപണിയിൽ നിന്നുള്ള സൂചന. ചെറുപയറിന്റെ വിലയിൽ നേരിയൊരു വർദ്ധനവ് തുടർന്നുകൊണ്ടിരിക്കുകയാണു. കേന്ദ്ര കൃഷി മന്ത്രാലയം പുറത്തുവിട്ട മൂന്നാമത് അഡ്വാൻസ് എസ്റ്റിമേഷൻ റിപ്പോർട്ടിൽ ചെറുപയർ, തുവരപരിപ്പ് എന്നീ ഇനങ്ങളിൽ നേരിയൊരു കുറവ് കാണുന്നുണ്ടെങ്കിലും മൊത്തം പയർ വർഗ്ഗങ്ങളുടെ ഉൽപാദനത്തിൽ വർദ്ധനവ് സൂചിപ്പിക്കുന്നു.

| നം | ഇനങ്ങൾ | അളവ് | മെയ് 2017 | ഏപ്രിൽ 2018 | മെയ് 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 86.52 | 87.09 | 88.82 | 1.99 | 2.66 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 93.52 | 89.73 | 89.84 | 0.12 | -3.93 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 113.03 | 86.15 | 85.58 | -0.66 | -24.29 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 106.78 | 80.57 | 80.61 | 0.05 | -24.51 |
| 5 | വൻപയർ | കിലോഗ്രാം | 80.53 | 70.11 | 69.55 | -0.80 | -13.63 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 92.11 | 83.52 | 82.61 | -1.09 | -10.31 |
| 7 | കടല(വലുത്) | കിലോഗ്രാം | 98.84 | 75.04 | 72.89 | -2.87 | -26.25 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 85.78 | 62.72 | 62.97 | 0.40 | -26.59 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 42.56 | 43.10 | 44.65 | 3.60 | 4.91 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 79.13 | 69.94 | 69.85 | -0.14 | -11.74 |



## III . മററ് ഭക്ഷ്യ വസ്തുക്കൾ

ഇറച്ചിക്കോഴിയുടെ വിലയിൽ ഏപ്രിൽ മാസത്തിൽ ഉണ്ടായ വർദ്ധനവ് മെയ് അവസാനത്തിലും തുടർന്നെങ്കിലും മാസാവസാനം വിലക്കുറവ് ദൃശ്യമായി. നിപ്പ വൈറസ് ബാധയെ തുടർന്ന് ഉണ്ടായ പ്രചാരണങ്ങളും ഇറച്ചിക്കോഴിയുടെ വിലയെ കാര്യമായി സ്വാധീനിച്ചു. ജൂൺ മാസത്തിലും ഈ വിലക്കുറവ് തുടരാനാണു സാധ്യത.

പഞ്ചസാരയുടെ വിലയിൽ ഈ കാലയളവിൽ കാര്യമായ കുറവ് ദൃശ്യമായി, എന്നാൽ ജൂൺ മാസത്തോടെ വിലസ്ഥിരത നേടുന്നതിനും പിന്നീട് വർദ്ധനവിനും സാധ്യതയുണ്ടെന്നാണു വിപണിയിൽ നിന്നുള്ള സൂചന. കോഴിമുട്ടയുടെ വിലയിലും ഈ കാലയളവിൽ വർദ്ധനവ് രേഖപ്പെടുത്തി എന്നാൽ ജൂൺ അവസാനത്തോടെ വില സ്ഥിരത തുടരാൻ ഇടയുണ്ടെന്നാണു വിപണി സൂചന.

| നം | ഇനങ്ങൾ | അളവ് | മെയ് 2017 | ഏപ്രിൽ 2018 | മെയ് 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 43.43 | 36.35 | 33.87 | -6.82 | -22.01 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 159.97 | 145.58 | 150.77 | 3.57 | -5.75 |
| 3 | ശർക്കര | കിലോഗ്രാം | 57.15 | 54.04 | 52.57 | -2.72 | -8.01 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 52.71 | 48.22 | 51.86 | 7.55 | -1.61 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 496.79 | 527.50 | 531.43 | 0.75 | 6.97 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 124.27 | 103.48 | 132.67 | 28.21 | 6.76 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 148.32 | 148.18 | 148.18 | 0.00 | -0.09 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 160.75 | 161.62 | 161.62 | 0.00 | 0.54 |



## IV. എണ്ണയും ഏണ്ണക്കുരുക്കളും

വെളിച്ചെണ്ണയുടെ വിലയിൽ ഏപ്രിൽ മാസത്തിൽ കണ്ടുവന്ന വർദ്ധനവ് മെയ് മാസത്തിലും തുടർന്നെങ്കിലും മാസാവസാനത്തോടെ വിലയിൽ കുറവ് ദൃശ്യമായി. ജൂൺ മാസത്തിലും ഈ കുറവ് തുടരാനാണു സാധ്യതയെന്നു വിപണിയിൽ നിന്നുള്ള സൂചന. ഓയിൽ ഇനങ്ങളിൽ ഏതാണ്ട് എല്ലാ ഇനങ്ങൾക്കും അവലോകനമാസമായ മെയിൽ വിലവർദ്ധനവ് രേഖപ്പെടുത്തി. തേങ്ങയുടെ വിലയിലും ഈ കാലയളവിൽ വിലക്കുറവ് രേഖപ്പെടുത്തി. ജൂൺ മാസത്തിലും കുറവ് തുടരുമെന്നാണു വിപണിയിൽ നിന്നുള്ള സൂചന.

| നം | ഇനങ്ങൾ | അളവ് | മെയ് 2017 | ഏപ്രിൽ 2018 | മെയ് 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 145.37 | 212.93 | 215.38 | 1.15 | 48.16 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 142.19 | 144.00 | 144.75 | 0.52 | 1.80 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 89.81 | 92.90 | 93.00 | 0.11 | 3.55 |
| 4 | നല്ലെണ്ണ | ലിററർ | 144.55 | 158.50 | 159.45 | 0.60 | 10.31 |
| 5 | കടുക് എണ്ണ | ലിററർ | 138.40 | 138.15 | 137.40 | -0.54 | -0.72 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 94.90 | 93.98 | 95.18 | 1.28 | 0.30 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 90.39 | 92.59 | 92.85 | 0.28 | 2.71 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 167.61 | 223.52 | 221.25 | -1.02 | 32.00 |



## V.സുഗന്ധ വ്യഞ്ജനങ്ങൾ

കഴിഞ്ഞ ഏതാനും മാസങ്ങളായി കുറഞ്ഞുകൊണ്ടിരുന്ന ഉള്ളിയുടെ വിലയിൽ കാര്യമായ ഒരു വിലക്കയറ്റത്തിന്റെ സൂചന അവലോകന മാസത്തിൽ ദൃശ്യമായി ജൂൺ മാസത്തിലും ഈ വില വർദ്ധനവ് തുടരുമെന്നാണു വിപണിയിൽ നിന്നുള്ള സൂചന. ഡിമാന്റ് വർദ്ധിച്ചതിനെ തുടർന്ന് മെയ് അവസാനത്തോടെ കുരുമുളകിന്റെ വിലയിൽ വർദ്ധനവ് രേഖപ്പെടുത്തി, ജൂണിലും ഇത് തുടരാൻ ഇടയുണ്ടെന്നു വിപണിവൃത്തങ്ങൾ അറിയിച്ചു. ഉൽപാദനത്തിലുണ്ടായ കുറവ് കാരണം കഴിഞ്ഞ ഏതാനും മാസങ്ങളായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന വററൽ മുളകിന്റെ വില അവലോകന മാസത്തിലും വർദ്ധനവ് രേഖപ്പെടുത്തി, എന്നാൽ മാസാവസാനം വിലസ്ഥിരതയുടേതായ പ്രവണത കാണിച്ചു.

| നം | ഇനങ്ങൾ | അളവ് | മെയ് 2017 | ഏപ്രിൽ 2018 | മെയ് 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | 101.50 | 86.52 | 85.05 | -1.70 | -16.21 |
| 2 | മുളക് | കിലോഗ്രാം | 84.26 | 120.52 | 123.89 | 2.80 | 47.03 |
| 3 | ഉള്ളി | കിലോഗ്രാം | 93.33 | 34.64 | 37.41 | 8.00 | -59.92 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 116.95 | 162.46 | 160.89 | -0.97 | 37.57 |
| 5 | ജീരകം | 100 ഗ്രാം | 28.61 | 29.71 | 29.29 | -1.41 | 2.38 |
| 6 | കടുക് | 100 ഗ്രാം | 9.00 | 8.98 | 8.86 | -1.34 | -1.56 |
| 7 | ഉലുവ | 100 ഗ്രാം | 10.23 | 9.27 | 9.23 | -0.43 | -9.78 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | 18.57 | 18.21 | 18.29 | 0.44 | -1.51 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 10.25 | 7.55 | 7.41 | -1.85 | -27.71 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 612.40 | 470.87 | 468.46 | -0.51 | -23.50 |



## VI. കിഴങ്ങു വർഗ്ഗങ്ങൾ

കിഴങ്ങു വർഗ്ഗങ്ങളിൽ അവലോകനമാസമായ മെയിൽ ചേന, കാരററ് എന്നിവ ഒഴികെയുള്ള ഇനങ്ങളിൽ വില വർദ്ധനവ് രേഖപ്പെടുത്തി ബീററ്റൂട്ടിന്റെ വിലയിൽ ഈ കാലയളവിൽ തുടർച്ചയായ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടു. ചേമ്പിന്റെ വിലയിൽ മാസാവസാനം വില വർദ്ധനവിന്റെ പ്രവണത കാണിച്ചു.

കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ഉരുളക്കിഴങ്ങ് ഒഴികെയുള്ള ഇനങ്ങൾക്ക് കാര്യമായ വിലക്കുറവാണു ഈ കാലയളവിൽ കാണുന്നത്.

| നം | ഇനങ്ങൾ | അളവ് | മെയ് 2017 | ഏപ്രിൽ 2018 | മെയ് 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | **51.64** | **39.66** | **36.84** | **-7.11** | **-28.66** |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | **29.14** | **21.02** | **21.59** | **2.71** | **-25.91** |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | **23.90** | **29.11** | **31.09** | **6.80** | **30.08** |
| 4 | ചേമ്പ് | കിലോഗ്രാം | **72.26** | **54.55** | **56.32** | **3.24** | **-22.06** |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | **50.96** | **27.30** | **31.29** | **14.62** | **-38.60** |
| 6 | കാരററ് | കിലോഗ്രാം | **74.51** | **35.86** | **35.29** | **-1.59** | **-52.64** |



## VII. പച്ചക്കറി ഇനങ്ങൾ

നിപ്പ വൈറസ് ഭീതി കാരണം ഗൾഫ് രാജ്യങ്ങൾ കേരളത്തിൽ നിന്നുള്ള പച്ചക്കറി പഴവർഗ്ഗങ്ങളുടെ ഇറക്കുമതി താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണു. പച്ചക്കറി ഇനങ്ങളുടെ വിലയിൽ അവലോകനമാസമായ മെയിൽ ഏതാണ്ട് സമ്മിശ്രമായ പ്രവണതയാണു ദൃശ്യമായത്. കഴിഞ്ഞ കുറെ മാസങ്ങളായി കുറഞ്ഞുകൊണ്ടിരുന്ന സവാള, തക്കാളി എന്നിവയുടെ വില അവലോകനമാസം മൊത്തം പരിശോധിക്കുമ്പോൾ വിലക്കുറവ് ദൃശ്യമാണെങ്കിലും മാസാവസാനം വില വർദ്ധനവിന്റെ പ്രവണത കാണുന്നുണ്ട്. ഉൽപാദനം വർദ്ധിച്ചതിനാൽ തക്കാളിയുടെ വില ജൂൺ മാസത്തിൽ വീണ്ടും കുറയുവാനുള്ള സാധ്യത ഉണ്ടെന്നാണു വിപണിയിൽ നിന്നുള്ള വിവരം. ഏത്തയ്ക്ക(പച്ച) യുടെ വിലയിൽ ഈ കാലയളവിൽ കാര്യമായ വില വർദ്ധനവ് രേഖപ്പെടുത്തി.

നിപ്പ വൈറസ് ഭീതി കാരണം പഴം പച്ചക്കറി വിപണിയിൽ മാസാവസാനം ഒരു വിലക്കുറവിന്റെ പ്രവണത ദൃശ്യമാണ്.

| നം | ഇനങ്ങൾ | അളവ് | മെയ് 2017 | ഏപ്രിൽ 2018 | മെയ് 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 14.93 | 18.39 | 17.73 | -3.59 | 18.75 |
| 2 | വഴുതന | കിലോഗ്രാം | 37.65 | 28.80 | 30.89 | 7.26 | -17.95 |
| 3 | മത്തങ്ങ | കിലോഗ്രാം | 21.97 | 18.04 | 18.02 | -0.11 | -17.98 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 23.28 | 23.88 | 20.05 | -16.04 | -13.87 |
| 5 | വെണ്ടക്ക | കിലോഗ്രാം | 32.25 | 37.80 | 30.07 | -20.45 | -6.76 |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | 83.52 | 52.84 | 62.48 | 18.24 | -25.19 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 58.24 | 60.80 | 52.59 | -13.50 | -9.70 |
| 8 | കാബേജ് | കിലോഗ്രാം | 36.01 | 23.79 | 23.91 | 0.50 | -33.60 |
| 9 | പാവയ്ക്ക | കിലോഗ്രാം | 60.25 | 45.20 | 44.70 | -1.11 | -25.81 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 29.47 | 21.43 | 20.95 | -2.24 | -28.91 |
| 11 | പടവലങ്ങ | കിലോഗ്രാം | 42.06 | 32.66 | 31.48 | -3.61 | -25.15 |
| 12 | തക്കാളി | കിലോഗ്രാം | 19.71 | 21.71 | 20.36 | -6.22 | 3.30 |
| 13 | പച്ചമുളക് | 100 ഗ്രാം | 6.35 | 4.01 | 4.12 | 2.74 | -35.12 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 45.33 | 43.66 | 50.30 | 15.21 | 10.96 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 36.17 | 37.21 | 36.21 | -2.69 | 0.11 |



## VIII. പഴവർഗ്ഗങ്ങൾ

നിപ്പ വൈറസ് കാരണം ഏററവും കൂടുതൽ ബാധിക്കപ്പെട്ടത് പഴവർഗ്ഗങ്ങളുടെ വിപണിയെയാണ്, പ്രത്യേകിച്ച് മലബാർ പ്രദേശങ്ങളിൽ. കേരളത്തിൽ വിററഴിക്കപ്പെടുന്ന പഴവർഗ്ഗങ്ങളിൽ ഏതാണ്ട് പത്തു ശതമാനം മാത്രമെ കേരളത്തിൽ ഉൽപാദിപ്പിക്കുന്നുള്ളു, ബാക്കി അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ്.

മാസാവസാനത്തിൽ പഴ വർഗ്ഗങ്ങൾക്ക് കാര്യമായ ഒരു വിലക്കുറവിന്റെ പ്രവണത ദൃശ്യമാണ് പ്രത്യേകിച്ച് മലബാർ മേഖലയിൽ പഴ വർഗ്ഗങ്ങളുടെ കച്ചവടത്തെ നിപ്പ ഭീതി കാര്യമായി തന്നെ ബാധിച്ചിട്ടുണ്ടെന്നാണു വിപണിയിൽ നിന്നുള്ള വിവരം. മൊത്തക്കച്ചവടക്കാർ പഴവർഗ്ഗങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിന്റെ അളവ് കുറച്ചിട്ടുണ്ട്

ജൂൺ അവസാനത്തോടെ വിപണി പൂർവ സ്ഥിതിയിൽ ആവുമെന്നു പ്രതീക്ഷിക്കുന്നു.

| നം | ഇനങ്ങൾ | അളവ് | മെയ് 2017 | ഏപ്രിൽ 2018 | മെയ് 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | **92.01** | **105.23** | **97.50** | **-7.34** | **5.97** |
| 2 | മുസമ്പി | കിലോഗ്രാം | **52.88** | **64.90** | **76.44** | **17.78** | **44.55** |
| 3 | മാതളം | കിലോഗ്രാം | **89.17** | **137.08** | **135.42** | **-1.22** | **51.87** |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | **100.00** | **149.17** | **146.67** | **-1.68** | **46.67** |
| 5 | ഏത്തപ്പഴം | കിലോഗ്രാം | **50.88** | **49.57** | **56.02** | **13.02** | **10.12** |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | **36.45** | **37.23** | **36.70** | **-1.42** | **0.69** |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | **54.92** | **42.59** | **44.11** | **3.56** | **-19.69** |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | **48.43** | **47.04** | **47.60** | **1.20** | **-1.70** |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | **30.75** | **29.93** | **29.63** | **-1.01** | **-3.66** |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | **54.83** | **101.61** | **71.67** | **-29.47** | **30.70** |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | **20.29** | **19.05** | **21.09** | **10.68** | **3.96** |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | **58.99** | **75.98** | **79.78** | **4.99** | **35.23** |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | **53.59** | **61.25** | **72.63** | **18.57** | **35.51** |



## IX. ഭക്ഷ്യേതര വസ്തുക്കൾ

അവലോകനമാസമായ മെയിൽ സിമന്റിന്റെ വിലയിൽ കുറയുവാനുള്ള പ്രവണത കാണിച്ചു. ജൂൺ മാസത്തിലും ഈ വിലക്കുറവ് തുടരാൻ ഇടയുണ്ടെന്നാണു വിപണിയിൽ നിന്നുള്ള സൂചന. അതേ സമയം സ്റ്റീലിന്റെ വിലയിൽ തുടർച്ചയായ വർദ്ധനവ് രേഖപ്പെടുത്തി. കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ സ്റ്റീലിന്റെ വിലയിൽ ഏതാണ്ട് ഇരുപത്തി നാലു ശതമാനത്തോളം വർദ്ധനവ് ഉണ്ടായിട്ടുണ്ട് അതേ സമയം സിമന്റിന്റെ വില കഴിഞ്ഞ വർഷം ഇതേ കാലയളവിനേക്കാൾ എട്ട് ശതമാനത്തോളം കുറവ് ദൃശ്യമാണ്.

| നം | ഇനങ്ങൾ | അളവ് | മെയ് 2017 | ഏപ്രിൽ 2018 | മെയ് 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 19.29 | 19.93 | 20.02 | 0.45 | 3.78 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 27.61 | 27.86 | 27.91 | 0.18 | 1.09 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 498.21 | 514.29 | 515.71 | 0.28 | 3.51 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 409.84 | 383.75 | 377.34 | -1.67 | -7.93 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 402.97 | 378.75 | 372.34 | -1.69 | -7.60 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 45.11 | 55.22 | 55.81 | 1.07 | 23.72 |



## അനുബന്ധം

### സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്

| നം | ഇനങ്ങൾ | അളവ് | മെയ് 2017 | ഏപ്രിൽ 2018 | മെയ് 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | **ധാന്യങ്ങൾ** | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | **40.85** | **41.40** | **41.41** | **0.02** | **1.37** |
| 2 | ചമ്പ | കിലോഗ്രാം | **41.25** | **44.00** | **44.00** | **0.00** | **6.67** |
| 3 | റോസ് | കിലോഗ്രാം | **41.50** | **41.36** | **41.25** | **-0.27** | **-0.60** |
| 4 | ആന്ധ്രാ വെള്ള | കിലോഗ്രാം | **36.93** | **37.16** | **36.76** | **-1.08** | **-0.46** |
| 5 | ജയ | കിലോഗ്രാം | **40.21** | **39.25** | **38.34** | **-2.31** | **-4.64** |
| 6 | ഗോതമ്പ് | കിലോഗ്രാം | **33.10** | **31.94** | **32.15** | **0.66** | **-2.85** |
| | **പയർ വർഗ്ഗങ്ങൾ** | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | **86.52** | **87.09** | **88.82** | **1.99** | **2.66** |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | **93.52** | **89.73** | **89.84** | **0.12** | **-3.93** |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | **113.03** | **86.15** | **85.58** | **-0.66** | **-24.29** |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | **106.78** | **80.57** | **80.61** | **0.05** | **-24.51** |
| 5 | വൻപയർ | കിലോഗ്രാം | **80.53** | **70.11** | **69.55** | **-0.80** | **-13.63** |
| 6 | തുവരപരിപ്പ് | കിലോഗ്രാം | **92.11** | **83.52** | **82.61** | **-1.09** | **-10.31** |
| 7 | കടല(വലുത്) | കിലോഗ്രാം | **98.84** | **75.04** | **72.89** | **-2.87** | **-26.25** |
| 8 | കടല(ചെറുത്) | കിലോഗ്രാം | **85.78** | **62.72** | **62.97** | **0.40** | **-26.59** |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | **42.56** | **43.10** | **44.65** | **3.60** | **4.91** |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | **79.13** | **69.94** | **69.85** | **-0.14** | **-11.74** |
| | **മററ് ഭക്ഷ്യവസ്തുക്കൾ** | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | **43.43** | **36.35** | **33.87** | **-6.82** | **-22.01** |
| 2 | കരുപ്പെട്ടി | കിലോഗ്രാം | **159.97** | **145.58** | **150.77** | **3.57** | **-5.75** |
| 3 | ശർക്കര | കിലോഗ്രാം | **57.15** | **54.04** | **52.57** | **-2.72** | **-8.01** |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | **52.71** | **48.22** | **51.86** | **7.55** | **-1.61** |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | **496.79** | **527.50** | **531.43** | **0.75** | **6.97** |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | **124.27** | **103.48** | **132.67** | **28.21** | **6.76** |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | **148.32** | **148.18** | **148.18** | **0.00** | **-0.09** |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | **160.75** | **161.62** | **161.62** | **0.00** | **0.54** |
| | **എണ്ണയും എണ്ണക്കുരുക്കളും** | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | **145.37** | **212.93** | **215.38** | **1.15** | **48.16** |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | **142.19** | **144.00** | **144.75** | **0.52** | **1.80** |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | **89.81** | **92.90** | **93.00** | **0.11** | **3.55** |
| 4 | നല്ലെണ്ണ | ലിററർ | **144.55** | **158.50** | **159.45** | **0.60** | **10.31** |
| 5 | കടുക് എണ്ണ | ലിററർ | **138.40** | **138.15** | **137.40** | **-0.54** | **-0.72** |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | **94.90** | **93.98** | **95.18** | **1.28** | **0.30** |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | **90.39** | **92.59** | **92.85** | **0.28** | **2.71** |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | **167.61** | **223.52** | **221.25** | **-1.02** | **32.00** |

| നം | ഇനങ്ങൾ | അളവ് | മെയ് 2017 | ഏപ്രിൽ 2018 | മെയ് 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | **101.50** | **86.52** | **85.05** | **-1.70** | **-16.21** |
| 2 | മുളക് | കിലോഗ്രാം | **84.26** | **120.52** | **123.89** | **2.80** | **47.03** |
| 3 | ഉള്ളി | കിലോഗ്രാം | **93.33** | **34.64** | **37.41** | **8.00** | **-59.92** |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | **116.95** | **162.46** | **160.89** | **-0.97** | **37.57** |
| 5 | ജീരകം | 100 ഗ്രാം | **28.61** | **29.71** | **29.29** | **-1.41** | **2.38** |
| 6 | കടുക് | 100 ഗ്രാം | **9.00** | **8.98** | **8.86** | **-1.34** | **-1.56** |
| 7 | ഉലുവ | 100 ഗ്രാം | **10.23** | **9.27** | **9.23** | **-0.43** | **-9.78** |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | **18.57** | **18.21** | **18.29** | **0.44** | **-1.51** |
| 9 | വെളുത്തുള്ളി | 100 ഗ്രാം | **10.25** | **7.55** | **7.41** | **-1.85** | **-27.71** |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | **612.40** | **470.87** | **468.46** | **-0.51** | **-23.50** |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | **51.64** | **39.66** | **36.84** | **-7.11** | **-28.66** |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | **29.14** | **21.02** | **21.59** | **2.71** | **-25.91** |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | **23.90** | **29.11** | **31.09** | **6.80** | **30.08** |
| 4 | ചേമ്പ് | കിലോഗ്രാം | **72.26** | **54.55** | **56.32** | **3.24** | **-22.06** |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | **50.96** | **27.30** | **31.29** | **14.62** | **-38.60** |
| 6 | കാരററ് | കിലോഗ്രാം | **74.51** | **35.86** | **35.29** | **-1.59** | **-52.64** |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | **14.93** | **18.39** | **17.73** | **-3.59** | **18.75** |
| 2 | വഴുതന | കിലോഗ്രാം | **37.65** | **28.80** | **30.89** | **7.26** | **-17.95** |
| 3 | മത്തങ്ങ | കിലോഗ്രാം | **21.97** | **18.04** | **18.02** | **-0.11** | **-17.98** |
| 4 | വെള്ളരിക്ക | കിലോഗ്രാം | **23.28** | **23.88** | **20.05** | **-16.04** | **-13.87** |
| 5 | വെണ്ടക്ക | കിലോഗ്രാം | **32.25** | **37.80** | **30.07** | **-20.45** | **-6.76** |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | **83.52** | **52.84** | **62.48** | **18.24** | **-25.19** |
| 7 | വള്ളിപ്പയർ | കിലോഗ്രാം | **58.24** | **60.80** | **52.59** | **-13.50** | **-9.70** |
| 8 | കാബേജ് | കിലോഗ്രാം | **36.01** | **23.79** | **23.91** | **0.50** | **-33.60** |
| 9 | പാവയ്ക്ക | കിലോഗ്രാം | **60.25** | **45.20** | **44.70** | **-1.11** | **-25.81** |
| 10 | കുമ്പളങ്ങ | കിലോഗ്രാം | **29.47** | **21.43** | **20.95** | **-2.24** | **-28.91** |
| 11 | പടവലങ്ങ | കിലോഗ്രാം | **42.06** | **32.66** | **31.48** | **-3.61** | **-25.15** |
| 12 | തക്കാളി | കിലോഗ്രാം | **19.71** | **21.71** | **20.36** | **-6.22** | **3.30** |
| 13 | പച്ചമുളക് | 100 ഗ്രാം | **6.35** | **4.01** | **4.12** | **2.74** | **-35.12** |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | **45.33** | **43.66** | **50.30** | **15.21** | **10.96** |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | **36.17** | **37.21** | **36.21** | **-2.69** | **0.11** |

| നം | ഇനങ്ങൾ | അളവ് | മെയ് 2017 | ഏപ്രിൽ 2018 | മെയ് 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | 92.01 | 105.23 | 97.50 | -7.34 | 5.97 |
| 2 | മുസമ്പി | കിലോഗ്രാം | 52.88 | 64.90 | 76.44 | 17.78 | 44.55 |
| 3 | മാതളം | കിലോഗ്രാം | 89.17 | 137.08 | 135.42 | -1.22 | 51.87 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 100.00 | 149.17 | 146.67 | -1.68 | 46.67 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 50.88 | 49.57 | 56.02 | 13.02 | 10.12 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 36.45 | 37.23 | 36.70 | -1.42 | 0.69 |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | 54.92 | 42.59 | 44.11 | 3.56 | -19.69 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 48.43 | 47.04 | 47.60 | 1.20 | -1.70 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 30.75 | 29.93 | 29.63 | -1.01 | -3.66 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 54.83 | 101.61 | 71.67 | -29.47 | 30.70 |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | 20.29 | 19.05 | 21.09 | 10.68 | 3.96 |
| 12 | മുന്തിരി  പച്ച കുരുവുള്ളത് | കിലോഗ്രാം | 58.99 | 75.98 | 79.78 | 4.99 | 35.23 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 53.59 | 61.25 | 72.63 | 18.57 | 35.51 |
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 19.29 | 19.93 | 20.02 | 0.45 | 3.78 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 27.61 | 27.86 | 27.91 | 0.18 | 1.09 |
| 3 | വിറക് (നാടൻ) | ക്വിന്റൽ | 498.21 | 514.29 | 515.71 | 0.28 | 3.51 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 409.84 | 383.75 | 377.34 | -1.67 | -7.93 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 402.97 | 378.75 | 372.34 | -1.69 | -7.60 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 45.11 | 55.22 | 55.81 | 1.07 | 23.72 |